**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 924** **29/09/2011 -ൽ മറുപടിക്ക്**

## കൗമാര പ്രശ്നങ്ങൾ സംബന്ധിച്ച് വിദ്യാഭ്യാസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.റ്റി.എ. റഹീം | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) കൗമാര പ്രശ്നങ്ങൾ സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് ഇതുവരെയായി സ്വീകരിച്ചിട്ടുള്ളത് ; | (ബി) കൗമാര ആരോഗ്യ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ, ഡിസ്ട്രിക്റ്റ് റിസോഴ്സ് പേഴ്സൺ എന്നിവർക്ക് AIDS കൺട്രോൾ സൊസൈറ്റി വഴി പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ നോഡൽ അദ്ധ്യാപകർക്കുള്ള പരിശീലനം എസ്.സി.ഇ.ആർ.റ്റി നടത്തി. ഇതിന്റെ തുടർ പരിപാടിയായി കുട്ടികൾക്കും പരിശീലനം നൽകി വരുന്നു. |
| (സി) ഇത്തരം വിദ്യാഭ്യാസം അദ്ധ്യാപക - വിദ്യാർത്ഥി ബന്ധത്തെ ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ ; | (സി) കൗമാര ആരോഗ്യ വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. |
| (ഡി) ഇതു സംബന്ധിച്ച് എസ്.സി.ഇ.ആർ.ടി ഏതെങ്കിലും പുസ്തകം തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ ? | (ഡി) പുസ്തകം തയ്യാറാക്കിയിട്ടില്ല. പരിശീലന മോഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ